# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3865** **21.06.2018-ൽ മറുപടിക്ക്**

## വാമനപുരം നിയോജകമണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

| | ചോദ്യം<br>ശ്രീ. ഡി.കെ. മുരളി: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ അനുവദിച്ച വൈദ്യുത പദ്ധതികൾ ഏതൊക്കെ; വിശദീകരിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളും ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളും അനുവദിക്കുകയും 188.4 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ DDUGJY പദ്ധതി പ്രകാരമുള്ള 165.3 ലക്ഷം രൂപയുടെ പ്രവൃത്തികളും ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെ; വിശദ വിവരങ്ങൾ നൽകുമോ? | (ബി | വാമനപുരം നിയോജക മണ്ഡലത്തിലെ വിതരണ മേഖലയിൽ DDUGJY പദ്ധതി പ്രകാരമുള്ള 8.9 ലക്ഷം രൂപയുടെ പ്രവൃത്തികളും 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 291.54 ലക്ഷം രൂപയുടെ പ്രവൃത്തികളും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.<br>വാമനപുരം നിയോജക മണ്ഡലത്തിൽ പ്രസരണ മേഖലയിൽ കല്ലറ (മീതുർ) കേന്ദ്രമാക്കി ഒരു 33 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.<br>എനർജി മാനേജ്മെന്റ് സെന്റർ മുഖേന വാമനപുരം നിയോജകമണ്ഡലത്തിലെ പുല്ലംമ്പാറ ഗ്രാമപഞ്ചായത്തിനെ മാതൃകാ ഊർജ്ജ കാര്യക്ഷമത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി<br>• പഞ്ചായത്ത് പരിധിക്കുള്ളിലെ സ്കൂളുകളിലെ സ്കൂൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്.<br>• ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ |

നിരക്കിൽ (9 വാട്ട് ബൾബുകൾ 50 രൂപ നിരക്കിൽ) എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്നതാണ്.

- പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും പൊതുകെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തുക. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണ്.
- ഗ്രാമപഞ്ചായത്തിലേക്ക് 18W ന്റെയും 35W ന്റെയും 100 വീതം തെരുവ് വിളക്കുകൾ സൗജന്യമായി നൽകുന്നതാണ്.
- പഞ്ചായത്ത് പരിധിക്കുള്ളിലെ 2 സർക്കാർ സ്കൂളുകൾ 2kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സൗജന്യമായി സ്ഥാപിക്കുന്നതാണ്.

140 അസംബ്ലി നിയോജകമണ്ഡലത്തിലും ഒരു അക്ഷയ ഊർജ്ജ സേവന കേന്ദ്രം ആരംഭിക്കുവാൻ അനെർട്ട് തീരുമാനിച്ചിട്ടുണ്ട്.

Hemalatha

സെക്ഷൻ ഓഫീസർ